(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്രപൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടന്നിരുന്നു. അവ ഏതെല്ലാം?

(ബി) അവയിൽ ഇപ്പോഴും പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം?

(സി) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ സർക്കാർ എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ താഴെപറയുന്ന മൂന്ന് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുകയായിരുന്നു.

1. കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.

2. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ-എ ഡിവിഷൻ

3. ചാലക്കുടി റിഫ്രാക്ടറീസ്.

(ബി) ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്.

(സി) ചാലക്കുടി റിഫ്രാക്ടറീസ് തുറന്നു പ്രവർത്തിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

6 (562) പുതിയ വ്യവസായ സംരംഭങ്ങൾ

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥൻമാരും നടത്തിയ വിദേശയാത്രയെത്തുടർന്ന് കേരളത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞ പുതിയ വ്യവസായ സംരംഭങ്ങൾ ഏതെല്ലാം;

(ബി) ഓരോന്നിന്റേയും മുതൽമുടക്ക് എത്രയെന്നും എത്രപേർക്ക് തൊഴിൽ ലഭിച്ചെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വിദേശ രാജ്യങ്ങൾ ഏതെല്ലാം ഉദ്യോഗസ്ഥരോടൊപ്പമാണ് സന്ദർശിച്ചതെന്നും ഇതിനായി ചെലവഴിക്കപ്പെട്ട തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

7 (563) ജനറേറ്ററുകൾക്കു നൽകുന്ന സബ്സിഡി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര ചെറുകിട വ്യവസായികൾ വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുന്നതിന് ജനറേറ്ററുകൾ സ്ഥാപിച്ച് സബ്സിഡിക്കപേക്ഷിച്ചു എന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly